**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 323** **03-03-2023 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ അഴിമതി സംബന്ധിച്ച വിജിലൻസ് അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ എം വിൻസെൻറ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വടക്കാഞ്ചേരി ലൈഫ് മിഷൻ അഴിമതി കേസിൽ 2020-ൽ ആരംഭിച്ച വിജിലൻസ് അന്വേഷണം രണ്ടര വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | യു.എ.ഇ റെഡ്ക്രസന്റ് ഏറ്റെടുത്ത് നിർവ്വഹിക്കുന്ന വടക്കാഞ്ചേരിയിലെ പാർപ്പിട സമുച്ചയ നിർമ്മാണത്തിന് യു.എ.ഇ റെഡ്ക്രസന്റ് കണ്ടെത്തിയ കരാറുകാരന് ലഭിച്ച തുകയുടെ വിനിയോഗത്തെ സംബന്ധിച്ച് ചില ആരോപണങ്ങൾ ഉയർന്നിട്ടുണ്ട്. ഈ വിഷയത്തിലാണ് വിജിലൻസ് അന്വേഷണം പുരോഗമിക്കുന്നത്.<br><br>ഇതുമായി ബന്ധപ്പെട്ട ചില അസ്സൽ രേഖകൾ സി.ബി.ഐ ബന്തവസ്സിലെടുത്തതിനാൽ അതിന്റെ പകർപ്പ് ലഭിക്കുന്നതിന് ബഹു.കോടതി മുഖേന വിജിലൻസ് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. അവ വിജിലൻസിന് ലഭ്യമായിട്ടില്ല. കേസന്വേഷണ പൂർത്തീകരണത്തിന് പ്രസ്തുത രേഖകൾ അനിവാര്യമാണ്. |
| (ബി) | പ്രസ്തുത അന്വേഷത്തിന്റെ ഭാഗമായി ആരൊയൊക്കെ ചോദ്യം ചെയ്തു എന്ന് വ്യക്തമാക്കാമോ; | (ബി) | യൂണിടാക് ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് , സെയിൻ വെഞ്ചേഴ്സ്, ശ്രീമതി സ്വപ്നപ്രഭ സുരേഷ്, ശ്രീ.സരിത്, ശ്രീ.സന്ദീപ് നായർ ശ്രീ.എം.ശിവശങ്കർ ഉൾപ്പെടെ 8 പേരാണ് പ്രതിപ്പട്ടികയിൽ ഉള്ളത്.<br><br>അഴിമതി നിരോധന നിയമത്തിലെ 7 (a), 7(b), 13(2) r/w, 13 (1) (a) of PC Act 1988 & Sec.120 (B) of IPC എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്.<br><br>മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെ 45 പേരെ ഇതുവരെ ചോദ്യം ചെയ്യുകയുണ്ടായി. |
| (സി) | പ്രസ്തുത കേസിൽ മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയെ പ്രതിചേർത്തിട്ടുണ്ടോയെന്ന് | (സി) | യൂണിടാക് ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് , സെയിൻ വെഞ്ചേഴ്സ്, ശ്രീമതി സ്വപ്നപ്രഭ സുരേഷ്, ശ്രീ.സരിത്, |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; എങ്കിൽ എന്തൊക്കെ കുറ്റങ്ങളാണ് പ്രസ്തുത വ്യക്തിക്കെതിരെ ചുമത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | ശ്രീ.സന്ദീപ് നായർ ശ്രീ.എം.ശിവശങ്കർ ഉൾപ്പെടെ 8 പേരാണ് പ്രതിപ്പട്ടികയിൽ ഉള്ളത്.<br><br>അഴിമതി നിരോധന നിയമത്തിലെ 7 (a), 7(b), 13(2) r/w, 13 (1) (a) of PC Act 1988 & Sec.120 (B) of IPC എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്.<br><br>മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെ 45 പേരെ ഇതുവരെ ചോദ്യം ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ